# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ഇടുങ്ങിയ വാതിൽ



"ഈശോ ഗലീലിയിൽനിന്നും ജറുസലേമിലേക്കു യാത്ര ചെയ്യുമ്പോൾ ഒരുവൻ ചോദിച്ചു. കർത്താവേ രക്ഷപ്പെടുന്നവർ ചുരുക്കമാണോ?" (ലൂക്കാ 13:23) മാർപാപ്പാ തന്റെ പ്രസംഗത്തിൽ പറഞ്ഞുതുടങ്ങി."കർത്താവ് ഇതിന് നേരിട്ട് ഒരുത്തരം പറയുന്നില്ല. കാരണം രക്ഷപ്പെടുന്നവരുടെ എണ്ണമെടുത്തിട്ട് കാര്യമില്ലല്ലോ. അതിലും ഉപരിയായി രക്ഷയിലേക്കു നയിക്കുന്ന വഴി ഏതാണെന്ന് അറിയുകയാണ് പ്രധാനം." അതിനാൽ അവൻ പറഞ്ഞു.ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ ശ്രമിക്കുവിൻ" (13:24)

"വാതിൽ നമ്മെ ഓർമ്മപ്പെടുത്തുക നമ്മുടെയൊക്കെ വീടിനെയാണ്. വീട്ടിലാണ് നമ്മൾ സ്നേഹവും സുരക്ഷിതത്വവും അനുഭവിക്കുന്നത്. ദൈവത്തിന്റെ വീട്ടിലേക്ക് നമുക്ക് പ്രവേശനംതരുന്ന ഒരു വാതിലുണ്ടെന്നാണ് ഈശോ പറയുന്നത്. ആ വാതിൽ ഈശോതന്നെയാണ് (യോഹ 10:9) അവനാണ് രക്ഷയിലേയ്ക്കുള്ള വാതിൽ. ഈ വാതിൽ എപ്പോഴും എല്ലാവർക്കുമായി തുറന്നിട്ടിരിക്കുകയാണ്. ജാതിമതഭേദമന്യേ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്ന രക്ഷയുടെ വാതിലാണ് ക്രിസ്തു. കാരണം അവൻ ആരെയും തന്റെ ഹൃദയത്തിൽനിന്നും ഒരിക്കലും ഒഴിവാക്കുന്നില്ല."

"നിങ്ങളിൽ ചിലർക്ക് തോന്നിയെന്നിരിക്കും. ഞാൻ വലിയ പാപിയാണ്. അതിനാൽ ഞാൻ രക്ഷയുടെ വഴിക്കു പുറത്താണെന്ന്. അത് ശരിയല്ല. നീ വലിയ പാപിയായതിനാൽത്തന്നെ നീ ക്രിസ്തുവിന് കൂടുതൽ പ്രിയപ്പെട്ടവനാണ്. കാരണം അവൻ പാപികളെ പ്രത്യേകം തിരഞ്ഞെടുക്കുന്നു, അവരോട് ക്ഷമിക്കാനും അവരെ സ്നേഹിക്കാനുമായി."

"നമ്മളെ ക്ഷണിച്ച് ആകർഷിക്കുന്ന അനേകം വാതിലുകൾ നമ്മളുടെ മുമ്പിലുണ്ട്. അവയെല്ലാം സുഖവും സന്തോഷവുമാണ് നമുക്ക് വാഗ്ദാനം ചെയ്യുന്നത്. എന്നാൽ കാലക്രമേണ നമുക്ക് മനസ്സിലാകും അവയെല്ലാം ക്ഷണികങ്ങളാണെന്ന്. നിലനിൽക്കുന്ന സന്തോഷത്തിലേക്കും നിത്യമായ ജീവിതത്തിലേക്കുമുള്ള വാതിൽ ക്രിസ്തുവാണ്."